<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2262** 18.03.2015-ൽ മറുപടിക്ക്

## "എ.എസ്.എ.പി. പദ്ധതി"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | | | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) | ചെറുകിട വ്യവസായ സംരംഭങ്ങളിലേക്ക് പുതിയ തലമുറയെ ആകർഷിക്കുന്ന വിധത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന എ.എസ്.എ.പി. പദ്ധതികൊണ്ട് ചെറുകിട വ്യവസായ മേഖലയ്ക്ക് ഉണ്ടാവുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | ആധുനിക തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം നിറഞ്ഞ തലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ പൊതു-ഉന്നത വിദ്യാഭ്യാസ തലത്തിലുള്ള വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നത്. എല്ലാത്തരം വ്യവസായിക മേഖലയും എ.എസ്.എ.പി. യുടെ പരിധിയിൽ വരും. ഈ പദ്ധതികൊണ്ട് ചെറുകിട വ്യവസായ മേഖലയ്ക്ക് ഉണ്ടാവുന്ന നേട്ടങ്ങളെക്കുറിച്ച് വ്യവസായ വകുപ്പ് ഒരു പഠനം നടത്തിയിട്ടില്ല. |
| ബി) | സംസ്ഥാനത്തെ വ്യവസായ വികസന കേന്ദ്രങ്ങൾക്ക് അനുബന്ധമായി എ.എസ്.എ.പി. കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിഗണിക്കാമോ ? | ബി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**